# ശൈഖ് മുഹമ്മദ് ബ്ൻ
# അബ്ദിൽവഹാബ്

കുഞ്ഞിമുഹമ്മദ് പറപ്പൂർ

**കേരള നദ്‌വത്തുൽ മുജാഹിദീൻ**

**പ്രസിദ്ധീകരണവിഭാഗം**

**മുജാഹിദ് സെൻറർ, കോഴിക്കോട് - 2**

Malayalam

**SHAIKE MUHAMMED BIN ABDIL VAHAB**

By : Kunhimohamed Parappur

First Edition : 1982

Second Edition : 1997

Typesetting: Suvarna Graphics, Clt - 2

Printed at:

Geethanjali Offset Prints, Feroke

Copies: 3,000

Copyright reserved

Published by:

Kerala Nadvathul Mujahideen

Publishing Wing

Mujahid Centre, Calicut - 2

Price: Rs. 7/-

## *മുഖവുര*

ക്രിസ്താബ്ദം 18-ാം നൂറ്റാണ്ടിൽ മുസ്ലിംലോകം കണ്ട ഏറ്റവും വലിയ മതപ്രബോധക നായകനായിരുന്നു ശൈഖ് മുഹമ്മദ്ബിൻ അബ്ദിൽ വഹാബ്. പ്രവാചകവര്യൻെറ(സ)യും അനുയായികളുടെയും ആ മാർഗങ്ങൾ അടിതെറ്റാതെ അനുധാവനം ചെയ്തിരുന്ന സലഫുകളുടെ ശേഷം മുസ്ലിംസമൂഹം പഴയ ജാഹിലിയ്യത്തിലേക്ക് വഴുതിക്കൊണ്ടിരുന്നപ്പോൾ അഥവാ ഇസ്ലാമിക വിശ്വാസാചാരങ്ങളിൽ സാരമായ തിരുത്തൽ വാദവുമായി പൗരോഹിത്യം മതരംഗം ചൂഷണം ചെയ്തപ്പോഴെല്ലാം സത്യത്തിൻെറ ദീപശിഖയുമായി പരിഷ്കർത്താക്കൾ പല നാട്ടിലും പ്രത്യക്ഷപ്പെട്ടിരുന്നു. പ്രവാചകനിൽ നിന്ന് ഇസ്ലാമിനെ പൂർണമായും ഉൾക്കൊണ്ട സഹാബത്തും അവരിൽ നിന്ന് ഇസ്ലാമിനെ പഠിച്ച പൗരാണിക മുസ്ലിംകളും ജീവിച്ച മാർഗങ്ങൾക്കപ്പുറം മറ്റൊന്നും മതത്തിൽ വെച്ചുപൊറുപ്പിച്ചുകൂടെന്ന് ആ പരിഷ്കർത്താക്കളെല്ലാം ഒറ്റസ്വരത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ പുരോഹിതന്മാരും അവരുടെ പണിയാളുകളും ഈ നവോത്ഥാന നായകന്മാരെ പുത്തൻപ്രസ്ഥാനക്കാർ എന്നാണ് വിളിച്ചത്. യഥാർത്ഥമായ ഇസ്ലാമികാദ്ധ്യാപനങ്ങളെപ്പറ്റി സമൂഹത്തിൻെറ വിവരക്കേടും, ഇസ്ലാമിക ചരിത്രങ്ങളെപ്പറ്റി പൊതുവെയുള്ള അജ്ഞതയും പുരോഹിതരുടെ കുപ്രചരണങ്ങൾക്ക് സഹായകമായിത്തീർന്നു. അതുകൊണ്ടുതന്നെ മുസ്ലിംകൾ എന്നും അജ്ഞരായിരിക്കണമെന്നാണ് പുരോഹിതന്മാർ ആവശ്യപ്പെടുന്നത്.

കേരള നദ്‌വത്തുൽ മുജാഹിദീൻെറ മുഖപത്രമായ അൽമനാറിൽ നേരത്തെ ഖണ്ഡശ പ്രസിദ്ധീകരിച്ചതാണീ കൊച്ചുപുസ്തകം. സ്മര്യപുരുഷൻെറ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം നടത്താൻ ഇത് സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് എഴുതിത്തന്ന ഞങ്ങളുടെ സഹപ്രവർത്തകൻ ജ: കുഞ്ഞിമുഹമ്മദ് പറപ്പൂരിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തകം അച്ചടിച്ചു തന്ന പ്രസുകാർക്കും ഞങ്ങൾ നന്ദി പ്രകാശിപ്പിക്കുന്നു.

അല്ലാഹു നമ്മെ സന്മാർഗം പിന്തുടർന്ന് ജീവിക്കാൻ സഹായിക്കട്ടെ, ആമീൻ.

*പ്രസാധകർ*

# മുഹമ്മദ്ബ്നു അബ്ദിൽവഹാബ്

**അ**ന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ)യോടു കൂടി ഇസ്‌ലാംമതം പരിപൂർണ്ണമായി കഴിഞ്ഞു. ആദം നബി(അ) മുതൽ അവസാനത്തെ പ്രവാചകൻവരെയുള്ള അമ്പിയാക്കളുടെ പ്രബോധന സന്ദേശങ്ങളുടെ വിശദാംശങ്ങളാണ് മുഹമ്മദ് നബി(സ) മുഖേന അല്ലാഹു ലോകത്തെ അറിയിച്ചത്. സ്വർഗ്ഗത്തിലേക്ക് മനുഷ്യരെ അടുപ്പിക്കുകയും നരകത്തിൽ നിന്ന് അവരെ അകറ്റുകയും ചെയ്യുന്ന എല്ലാകാര്യവും നബി(സ) ലോകത്തെ പഠിപ്പിച്ചു. അവിടുത്തെ ഇരുപത്തിമൂന്നു വർഷത്തെ പ്രവാചക ജീവിതത്തിൽ കൂടി ദൈവത്തിങ്കൽ തൃപ്തിപ്പെട്ട മതം അഥവാ ഇസ്‌ലാം എന്ത്, എങ്ങനെ, എത്ര, എന്തിന്ന് എന്നെല്ലാം നബി(സ) വിശദീകരിച്ചു തന്നു. റസൂൽ തിരുമേനി(സ)യുടെ മരണത്തിൻെറ മുമ്പ് അവിടുന്ന് മനുഷ്യസമൂഹത്തോടു ഇങ്ങനെയാണ് വിട പറഞ്ഞത്.

'രണ്ട്കാര്യം നിങ്ങൾക്ക് ഞാൻ ഉപേക്ഷിച്ചുവെച്ചിരിക്കുന്നു. അവ രണ്ടും നിങ്ങൾ ശക്തമായി അവലംബിച്ചു ജീവിക്കുന്ന കാലംവരെ നിങ്ങളാരും വഴിപിഴക്കാൻ പോകുന്നില്ല ..........'

അന്ത്യദിനംവരെയുള്ള മനുഷ്യസമുദായത്തിൻെറ ഇഹപര വിജയത്തിന്നാധാരമായ മതം എന്ന നിലക്ക് വ്യക്തമായ കാഴ്ചപ്പാടുകൾ ഇസ്‌ലാമിനെപ്പറ്റി പിൻതലമുറകൾക്ക് നൽകിക്കൊണ്ടാണ് റസൂൽ(സ) മരിച്ചു പോയത്. ആ കഴ്ചപ്പാടിനെ നബി(സ) ഇങ്ങനെയാണ് വിവരിച്ചത്. 'നിങ്ങൾ അഭിപ്രായ വ്യത്യാസത്തിലാവുകയാണെങ്കിൽ അല്ലാഹുവിങ്കലേക്കും അവൻെറ ദൂതരിലേക്കും മടക്കുക' അഥവാ ഖുർആനും നബിചര്യയും അവലംബിക്കുക.

ഈ വസിയ്യത്തുകളെ അക്ഷരംപ്രതി പാലിച്ചുകൊണ്ടായിരുന്നു സഹാബത്തും താബിഉകളും സലഫുകളും ജീവിച്ചിരുന്നത്. ഒരു കാര്യത്തിൽ ഖുർആനിൻെറ വിധി ഇങ്ങനെയാണ്, സുന്നത്ത് ഇങ്ങനെയാണ് എന്ന് തെളിഞ്ഞുകഴിഞ്ഞാൽ അവ രണ്ടും അവലംബിച്ചുകൊണ്ട് മറ്റെന്തു അഭിപ്രായങ്ങളെയും ആരുടെ നിർദ്ദേശങ്ങളേയും തള്ളിക്കളയാൻ പൂർവ്വികർക്ക് വൈമനുസ്യമുണ്ടായില്ല. ആദ്യകാല പണ്ഡിതവര്യന്മാരുടെ ഉപദേശങ്ങളിലും ഗ്രന്ഥങ്ങളിലുമെല്ലാം ഈ ആശയം കാണാം.

എന്നാൽ പില്ക്കാലത്ത് മുസ്ലിംകൾ അല്പാല്പമായി പഴയ ജാഹിലിയ്യത്തിലേക്ക് തിരിച്ചുപോയികൊണ്ടിരിക്കുന്നതായിട്ടാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ഭരണപരമായ കാര്യങ്ങൾക്കും സ്വാർത്ഥ ലാഭങ്ങൾക്കും അഭിമാന സംരക്ഷണത്തിന്നും മറ്റും, മതവിധികളെയും ഇസ്ലാമിക വിശ്വാസാചാരങ്ങളേയും തന്നിഷ്ടത്തിനനുസരിച്ച് വ്യാഖ്യാനിക്കപ്പെടുകയും ദൈവഭയവും നീതിബോധവും പരലോകചിന്തയും സമൂഹത്തിൽ നിന്ന് ക്രമേണ നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്തു. ഇസ്ലാമിൻെറ അതിപ്രധാനവും പ്രാരംഭതത്വവുമായ ഏകദൈവ വിശ്വാസത്തിൽപോലും കൈകടത്തലുകളും വികല വീക്ഷണങ്ങളും പ്രത്യക്ഷപ്പെട്ടു.

പക്ഷെ, മതരംഗത്തെ കലുഷിതമായ ഈ തിരിഞ്ഞൊഴുക്കിനെ തടുത്തു നിർത്തുകയും പ്രവാചകനും അവിടുത്തെ അനുയായികളും ഇസ്ലാമിനെ ഏതുവിധം പഠിപ്പിച്ചുതന്നുവോ ആ രൂപത്തിലേക്ക് ജനങ്ങളെ തിരിച്ചുവിളിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു വിഭാഗം എക്കാലത്തും ഭൂമുഖത്തുണ്ടായിട്ടുണ്ട്. അവർ ഇസ്ലാമിൻെറ ആദ്യകാലത്തെപ്പോലെ മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും വിധേയമായിട്ടുണ്ടായിരുന്നു.

ഇത്തരത്തിൽ ഓരോ കാലത്തും രംഗത്തുവന്ന നവോത്ഥാനനായകന്മാരിൽ ഒരാളാണ് മുഹമ്മദ്ബിൻ അബ്ദിൽ വഹാബ്(റ). മുസ്ലിം സമൂഹത്തെ അജ്ഞതയുടെ ഇരുട്ടിൽ എന്നെന്നും നിലനിറുത്തിക്കൊണ്ട് മതത്തെ ഉദരപൂരണത്തിൻെറ മാർഗ്ഗമായി സ്വീകരിച്ചിരുന്ന പുരോഹിതന്മാർക്കും അവരാൽ വഞ്ചിതരായവർക്കും മുഹമ്മദ്ബിൻ അബ്ദിൽവഹാബ് ഏറ്റവും വെറുക്കപ്പെട്ട വ്യക്തിയാണെങ്കിലും ക്രിസ്താബ്ദം 18-ാം നൂറ്റാണ്ടിൽ മുസ്ലിം ലോകം കണ്ട ഏറ്റവും വലിയ നവോത്ഥാന നായകനായിരുന്നു അദ്ദേഹം എന്നതിൽ പക്ഷാന്തരമില്ല.

പില്ക്കാലത്ത് മുസ്ലിംകളുടെ വിശ്വാസത്തിലും ആചാരങ്ങളിലും കടന്നുകൂടിയ അഥവാ ചിലർ കടത്തിക്കൂട്ടിയ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരിലായിരുന്നു മുഹമ്മദ്ബിൻ അബ്ദിൽവഹാബ് (റ) ആദ്യമായി ശബ്ദിച്ചത്.

നിഷ്കളങ്കമായ ഈമാനിൽ നിന്ന് ഉടലെടുക്കുന്ന മാനസിക പരിശുദ്ധിയാണ് ദൈവത്തിങ്കലേക്കുള്ള എളുപ്പമാർഗ്ഗമെന്നും, ഇസ്‌ലാമിൻെറ ഇസ്സത്തിനെ തിരിച്ചു കൊണ്ടുവരുവാനുള്ള ഏക പോംവഴിയെന്നും അദ്ദേഹം ഉറക്കെ പറഞ്ഞു. മുഹമ്മദ്ബിൻ അബ്ദിൽ വഹാബിൻെറ പ്രബോധന പ്രവർത്തനങ്ങൾ മുസ്‌ലിംസമൂഹത്തെ ബോധവാന്മാരാക്കാൻ പോന്നതാണെന്ന് മണത്തറിഞ്ഞ ശത്രുക്കൾ ആദ്യം മുതൽതന്നെ അദ്ദേഹത്തിനും തൻെറ പ്രവർത്തനങ്ങൾക്കുമെതിരിൽ കുരിശുയുദ്ധം ആരംഭിച്ചു. മുസ്‌ലിംകളെ കൊണ്ടു തന്നെ ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങളെ തടയുക എന്നതായിരുന്നു ശത്രുക്കളുടെ പദ്ധതി. അതിൽ അവർ ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. ഈജിപ്തുകാരും തുർക്കികളുമായിരുന്നു ആ പ്രസ്ഥാനത്തിന്നെതിരിൽ പടവാളെടുത്ത മുസ്‌ലിം രാജ്യങ്ങളിൽ പ്രമുഖമായത്. ബ്രിട്ടീഷുകാരും സിയോണിസ്ററുകളും ഈ നവോത്ഥാന പ്രസ്ഥാനത്തെ 'വഹാബി മൂവ്മെൻറ്' എന്നു ചിത്രീകരിക്കുകയും ഇസ്‌ലാമിലെ തിരുത്തൽവാദികളാണ് വഹാബികൾ എന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ഇങ്ങനെയാണ് വഹാബി പ്രസ്ഥാനം തെറ്റിദ്ധരിപ്പിക്കപ്പെട്ടത്. ഇന്ത്യയിൽ ബ്രിട്ടീഷുകാരാണ് ഈ പ്രസ്ഥാനത്തിന്നെതിരിൽ ആദ്യമായി രംഗത്തു വന്നത്. കൂടെ പുരോഹിതന്മാരും. യഥാർത്ഥത്തിൽ അല്ലാഹുവിൻെറ ദീൻ അതിൻെറ ശരിയായ രൂപത്തിൽ പ്രചരിപ്പിക്കുക മാത്രമായിരുന്നു മുഹമ്മദ് ബിൻ അബ്ദിൽവഹാബും തൻെറ സഹപ്രവർത്തകരും ചെയ്തത്. ആ ചരിത്ര സംഭവങ്ങളിലേക്ക് ഒരു ഹൃസ്വമായ തിരിഞ്ഞുനോട്ടമാണ് തുടർന്ന് നിങ്ങൾ വായിക്കുന്നത്.

## വിപ്ലവത്തിന് ദാഹിക്കുന്ന നജ്ദ്

ജീവിതത്തിൻെറ നാനാതുറകളിലും വർണ്ണിക്കാൻ കൊള്ളാത്ത ഒരു കാലമുണ്ടായിരുന്നു നജ്ദിൻെറ ചരിത്രത്തിൽ. കൊലയും കുടിലതയും സമൂഹത്തെ വഷളാക്കിയിരുന്നു അന്ന്. ജീവിത വൈരൂപ്യം ഏതു നിലക്ക് ചിത്രീകരിച്ചാലും അത് നജ്ദിന് ചേരുമായിരുന്നു. ബുദ്ധിയും ജ്ഞാനവുമുള്ള തുഛം ഹൃദയങ്ങളിൽ മാത്രം മതം അവശേഷിച്ചു.

വിശ്വാസത്തിലും ചിന്താഗതിയിലും വേരുറച്ച യാഥാസ്ഥിതികത്വവും ശിർക്കുമായിരുന്നു ഭൂരിപക്ഷത്തിൻെറ മതം. യഥാർത്ഥ മതം അങ്ങനെയാണെന്ന് അവർ ധരിച്ചുവശായി. പുണ്യശിലകൾക്കും വൃക്ഷങ്ങൾക്കും ബലി നടത്തുന്നതിൽ നജ്ദിലെ മുസ്‌ലിംകൾ തെറ്റു കണ്ടിരുന്നില്ല. ചുരുക്കത്തിൽ പ്രവാചകന് മുമ്പുണ്ടായിരുന്ന 'കറുത്ത യുഗ'ത്തിലേക്ക് നജ്ദ് തിരിച്ചു ചെന്നിരുന്നു.

അവർ ശുഭാശുഭ ലക്ഷണങ്ങളിൽ വിശ്വസിക്കുകയും ജ്യോത്സ്യന്മാരെ അംഗീകരിക്കുകയും ചെയ്തു. തമോയുഗത്തിലെ നജ്ദിലെ പ്രശസ്ത ജ്യോത്സ്യനായിരുന്ന അബ്ലഖുസ്സഅദിയുടെ അനുഗാമികളായിരുന്നു ഭൂരിപക്ഷം ആളുകൾ.

മതത്തെ അവർ ഒട്ടൊക്കെ കാര്യമായി ഗണിച്ചു. അതുപക്ഷെ മുഹമ്മദ് നബി(സ)കൊണ്ടു വന്ന ദീനുൽ ഇസ്ലാം ആയിരുന്നില്ല. പിശാചിൻെറ ദുർമൂർത്തികളും പുരോഹിതപ്പരിഷകളും മെനഞ്ഞുണ്ടാക്കിയ ആചാര വൈകൃതങ്ങളായിരുന്നു. ധനികന്ന് സമ്പാദിക്കാനും അധികാരിക്ക് സ്ഥാനം നിലനിർത്തുവാനും ഓരോ മണ്ഡലത്തിലും ജീവിക്കുന്നവന്ന് സ്വന്തം താല്പര്യം നേടുവാനും അവർ മതത്തെ ഉപയോഗപ്പെടുത്തി. പൊതു ജനം നേതൃത്വത്തിൻെറ അടിച്ചമർത്തലുകൾക്ക് വിധേയരായി.

അറബികളുടെ ഉൽകൃഷ്ട ഗുണങ്ങളിൽ നിന്ന് ബദവികളുടെ പരുക്കൻ ജീവിതത്തിലേക്ക് അവർ താഴ്ന്നു. മൃഗീയ സ്വാതന്ത്ര്യം അവരെ ഭരിച്ചു. മരുഭൂമിയിൽ കൊള്ളയും കവർച്ചയും അധികരിച്ചു. സത്യവും സമാധാനവും സ്ഥാപിക്കാൻ ഒരു ഭരണാധികാരി അവിടെയുണ്ടായിരുന്നില്ല. ഭൂരിപക്ഷത്തിൻെറ ദുഷ്ചെയ്തികൾക്കെതിരിൽ ശ്വാസമയക്കാൻ ആരും ധൈര്യപ്പെട്ടില്ല. ഭരണവുംനേതൃത്വവും അവരുടെ കൈകളിൽ. പണ്ഡിതന്മാരും പരിഷ്കർത്താക്കളും ന്യൂനപക്ഷം.

തെറ്റുകൾക്കെതിരിൽ സദുപദേശങ്ങൾ നൽകുന്ന ഒട്ടേറെ പണ്ഡിതന്മാരെ അവർ വകവരുത്തി. ഹിജ്റ 1196ൽ നജ്ദിലെ വിവിധ ഗോത്രങ്ങൾ ചേർന്നു ഒരു ഗൂഢാലോചന നടത്തി. ഓരോ ഗ്രാമത്തിലേയും നിവാസികൾ തദ്ദേശത്തെ എല്ലാ പണ്ഡിതന്മാരെയും ഒരു ദിവസം ഒരേ സമയത്ത് വധിക്കുക എന്നായിരുന്നു അവർ തീരുമാനിച്ചത്. അതിനെത്തുടർന്നു 'ഖുബറായി'ലെ നിവാസികൾ പണ്ഡിതനും ഭക്തനുമായിരുന്ന മൻസൂർ അബൂഖലീലിനെ വധിച്ചു. ഒരു വെള്ളിയാഴ്ച ദിവസം നമസ്കാരത്തിന് നേതൃത്വം നൽകാൻ പള്ളിയിലേക്ക് തിരിച്ചതായിരുന്നു അദ്ദേഹം. 'ജനാഹു' നിവാസികൾ അന്നുതന്നെ ധാരാളം മതപുരുഷന്മാരെ ക്രൂശിച്ചു. ഒട്ടേറെ പണ്ഡിതന്മാരുടെ ജീവൻ അന്ന് ഹനിക്കപ്പെട്ടു. (താരിഖുനജ്ദ് : ഇബ്നു ബിശ്റ്).

## ശിർക്കിൻെറ താണ്ഡവം

അല്ലാമാ ഇബ്നുഗനാം തൻെറ 'റൗസത്തുൽ അഫ്കാർ - വൽ അഫ്ഹാം' എന്ന ചരിത്രഗ്രന്ഥത്തിൽ 12-ാം നൂറ്റാണ്ടിലെ നജ്ദിനെ ചിത്രീകരിക്കുന്നത് ഇങ്ങനെയാണ്:

'നജ്ദിലെയും അഹ്സാഇലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ സാധാരണകുറ്റകൃത്യങ്ങൾ മാത്രമല്ല ശിർക്കുതന്നെ ചെയ്യുന്നവരായിരുന്നു.അല്ലാഹുവിന്നുപുറമെ സജ്ജനങ്ങളെയും ഔലിയാക്കളെയും അവർ ആരാധിച്ചു. അപകടഘട്ടങ്ങളിൽ അഭയം തേടിയിരുന്നതും ആവശ്യങ്ങളുന്നയിച്ചിരുന്നതും അവരോടായിരുന്നു. മനുഷ്യകഴിവുകൾക്കതീതമായ സിദ്ധികൾ കല്ലുകൾക്കും മരങ്ങൾക്കും അവർ അവരോധിച്ചു'

'ഫിദാ' എന്ന സ്ഥലത്ത് ഒരു ഈത്തപ്പനയുണ്ടായിരുന്നു ഫഹ്ല്' (കൂറ്റൻ) എന്നായിരുന്നു അവരതിന്നു നൽകിയ പേർ. പ്രായമായിട്ടും വിവാഹിതരാവാൻ കഴിയാത്ത സ്ത്രീകൾ പ്രസ്തുത വൃക്ഷത്തെ കെട്ടിപ്പിടിച്ച് ഭക്തിപൂരസ്സരം ഭർത്തൃഭാഗ്യത്തിന്നുവേണ്ടി പ്രാർത്ഥിക്കും. പിന്നെ അവർ തന്നെ യുവാക്കളെ വലയിട്ടുപിടിച്ചു വിവാഹം ചെയ്തു അത് വൃക്ഷത്തിൻെറ'കറാമത്ത്' ആണെന്ന പ്രചരിപ്പിക്കും.

'ത്വർഫിയാ'യിലുള്ള മറ്റൊരു വൃക്ഷത്തെയും അവർ ആരാധിച്ചുപോന്നു. നവജാത ശിശുവിൻെറ ദീർഘായുസ്സിന്നുവേണ്ടി ഈ വൃക്ഷത്തിന്മേൽ കയറ്, തുണി എന്നിവ അവർ കെട്ടിവെച്ചിരുന്നു. ക്രമേണ ആ വൃക്ഷം ഇലകളും ശാഖകളും കാണാതെ കയറിൻെറയും തുണിക്കഷ്ണങ്ങളുടെയും ഒരു കൂമ്പാരമായി മാത്രം തോന്നുമായിരുന്നു.

'ദർഇയാ'യിലെ പർവ്വത വിതാനത്തിൽ ഒരുഗുഹയുണ്ടായിരുന്നു. ബിൻത്തുൽ അമീർ' എന്നു വളിക്കപ്പെട്ടിരുന്ന ഒരു 'അമ്മ'യെയാണ് അവർആ ഗുഹാമുഖത്തുവെച്ച് ആരാധിച്ചിരുന്നത്. ഒരിക്കൽ ആ വഴിക്കു പോവുകയായിരുന്ന ബിൻത്തുൽ അമീറിനെ ദുർമ്മാർഗ്ഗികളായ ചില ചെറുപ്പക്കാർ പിടികൂടി. ചാരിത്രസംരക്ഷണത്തിന്നുവേണ്ടി മരിക്കാൻ പോലും തയ്യാറായികൊണ്ട് അവൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അപ്പോൾ ആ പർവ്വത വിതാനത്തിൽ ഒരു പിളർപ്പുണ്ടാവുകയും അവൾ അതിൽ ആണ്ടുപോവുകയും ചെയ്തു എന്നാണ് ഐതിഹ്യം. (താരീഖു ഇബ്നുഗനാം)

നജ്ദുകാർ ആരാധിച്ചിരുന്ന മറ്റൊരു ഔലിയായെപ്പറ്റി ഇബ്നുഗനാം രേഖപ്പെടുത്തുന്നു; ഖറജ് എന്ന സ്ഥലത്തുള്ള അന്ധനായ ഒരു യുവാവ് അയാൾ മരുഭൂമികളും മലയോരങ്ങളും താണ്ടി നാട്ചുറ്റി നടക്കാറുണ്ടായിരുന്നു. നായകനില്ലാതെ ഈ അന്ധൻ വഴി തെറ്റാതെ വേട്ടമൃഗങ്ങളുടെയും കവർച്ചക്കാരുടെയും ആക്രമണത്തിന്നു വിധേയനാകാതെ ജീവിച്ചിരുന്നത് 'ഔല്യ' ആയതുകൊണ്ടാണെന്ന് അവർ വിശ്വസിക്കുകയും മരണശേഷം ഖബറിന്മേൽ അർച്ചനകൾ നടത്തി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

**രാഷ്ട്രീയം**

നജ്ദിലെ രാഷ്ട്രീയവും മതരംഗം പോലെതന്നെ വഷളായിക്കഴിഞ്ഞിരുന്നു. ഓരോ നാടും പരസ്പര സ്പർദ്ധയുള്ള വ്യത്യസ്ത ഭരണാധികാരികളായിരുന്നു ഭരിച്ചത്. നടപ്പാക്കപ്പെടുന്ന നിയമങ്ങൾക്ക് സ്വാഭീഷ്ടമല്ലാതെ മറ്റു അടിസ്ഥാനമൊന്നുമുണ്ടായിരുന്നില്ല.

ഭരണാധികാരികൾക്കിടയിലുള്ള സ്വഭാവപരമായ അപാകതകൾമൂലം നജ്ദ് ആഭ്യന്തര യുദ്ധംകൊണ്ട് വീർപ്പുമുട്ടി. നീതിയും സ്നേഹവും അഭിലഷിക്കുന്ന ന്യൂനപക്ഷങ്ങൾപോലും പടക്കളത്തിലിറങ്ങാൻ നിർബന്ധിതരായി.

എന്നാൽ ദർഇയയിൽ അന്ന് സഊദ് കുടുംബത്തിന്റെ ഭരണമായിരുന്നു നിലനിന്നിരുന്നത്. നജ്ദിലെ ഏറ്റവും കൂടുതൽ ജനവാസം ദർഇയയിലായിരുന്നു. നജ്ദിലെ ഏറ്റവും തന്ത്രജ്ഞരും നീതിമാന്മാരുമായ ഭരണാധികളായിരുന്നു ദർഇയ ഭരിച്ചിരുന്ന സഊദ് കുടുംബം.

ഉയൈനയിൽ മഅ്മർ കുടുംബമാണ് ഭരിച്ചത്. സഊദ് കുടുംബത്തെപ്പോലെ ശക്തിയും സാമർത്ഥ്യവുമുണ്ടായിരുന്നില്ല അവർക്ക്. റിയാദിലെ ഭരണകർത്താവ് ദഹാംബ്നുദവാശ് എന്ന കപടനായിരുന്നു. നന്മയുടെ ഒരു പ്രത്യയശാസ്ത്രവും അംഗീകരിക്കാത്ത അയാൾ റിയാദിലെ മുൻഭരണാധികാരിയുടെ കൊട്ടാരത്തിലെ ഭൃത്യനും അടിമയുമായിരുന്നു. നിരപരാധികളുടെ രക്തത്തിൽ ചവിട്ടികൊണ്ടാണ് ദഹാം റിയാദിലെ അമീറായത്. ആ ചരിത്രം ശേഷം വിവരിക്കുന്നുണ്ട്.

സാമ്പത്തികമായി ഏറ്റവും അധഃസ്ഥിതിയിലായിരുന്നു നജ്ദ്. ആഭ്യന്തര യുദ്ധങ്ങളുടെ ആഘാതമേറ്റ് ഒരു ഭാഗത്ത് സമൂഹം നരകിച്ചപ്പോൾ മറുഭാഗത്ത് വ്യാപാര വിനിമയങ്ങളിലേർപ്പെട്ടവരെ കൊള്ളചെയ്ത് 'സുഭിക്ഷ'മായി ജീവിക്കുന്നവരുണ്ടായിരുന്നു. തന്മൂലം കവർച്ചക്കാരെ ഭയന്ന് വ്യാപാരങ്ങൾ നിലച്ചു. കൃഷിയിടങ്ങൾ യുദ്ധങ്ങൾകൊണ്ട് നശിപ്പിക്കപ്പെട്ടു. അപ്പത്തിനുവേണ്ടി പരസ്പരം അവർ കൊള്ളയടിച്ചു.

എന്നാൽ വൈജ്ഞാനിക രംഗം മേൽപറഞ്ഞതിൽ നിന്ന് അല്പം ഭിന്നമായിരുന്നു. മദ്ഹബുകൾക്കുവേണ്ടിയുള്ള വിഭാഗീയ ചിന്ത അവരെ വിജ്ഞാനകുതുകികളാക്കി. ഒപ്പം സത്യം ഗ്രഹിക്കുകയും ആചാരവൈകൃതങ്ങൾക്കെതിരിൽ ശബ്ദിക്കുകയും ചെയ്യുന്ന ഒരു പീഢിത വിഭാഗം അവിടെയുണ്ടായിരുന്നു. തൗഹീദും ശിർക്കും കൂട്ടിക്കലർത്തി ആരാധിക്കുന്ന ദീനുൽ ഇസ്‌ലാമിന്റെ 'അനുയായി'കളോട് 'അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്' എന്ന് ഉറക്കെപ്പറയുവാൻ ഒരു പ്രഭാതത്തെയും കാത്തിരിക്കുകയായിരുന്നു അവർ.

## ആ പ്രഭാതം വിടരുന്നു

ജീവിക്കാൻ വേണ്ടി ആദർശങ്ങളെ ബലികഴിക്കുന്ന പണ്ഡിതന്മാർ, അറിവില്ലാത്ത ജനത, തെറ്റിദ്ധരിപ്പിക്കപ്പെട്ട മതം ഇതായിരുന്നു നജ്ദിന്റെ ചിത്രം. അവിടെ പണ്ഡിതന്മാർ സുഭിക്ഷമായി ജീവിച്ചു കൊഴുത്തു. കാരണം മന്ത്രോച്ചാരണ മായാജാലങ്ങളിലും ഖബർ പൂജയിലും ജനങ്ങൾക്ക് അതിരുകവിഞ്ഞ വിശ്വാസമുണ്ടായിരുന്നു. “ഞങ്ങളുടെ പിതാക്കൾ അങ്ങനെ ചെയ്യുന്നതായിട്ടാണ് ഞങ്ങൾ കണ്ടത്” എന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള, ജാഹിലിയ്യത്തിന്റെ പിന്തിരിപ്പൻ ന്യായം മാത്രമായിരുന്നു നജ്ദ്കാരുടെ മതപ്രമാണം.

ഒരു പ്രഭാതത്തിനുവേണ്ടി കാത്തിരുന്ന അന്ധകാരാവൃതമായ നജ്ദിൽ ഉയൈന എന്ന സ്ഥലത്ത് ഹിജ്റ 1115ൽ മുഹമ്മദ്ബിൻ അബ്ദിൽവഹാബ് ജനിച്ചു. അദ്ദേഹം സൃഷ്ടിച്ച വിപ്ലവ ഫലമായി നജ്ദിന്റെ ചരിത്രം തലതിരിഞ്ഞൊഴുകി. നിർത്തിവെച്ച ബിംബങ്ങളോടൊപ്പം കിടത്തിവെച്ച ബിംബങ്ങളും തകർന്നു. പൗരോഹിത്യത്തിന്റെ ഉപജാപങ്ങൾ അവസാനിച്ചു. തൽസ്ഥാനത്ത് പരിശുദ്ധ ഖുർആനിന്റെ തിരുവാക്യങ്ങൾ ശ്രവിക്കപ്പെട്ടു. തൗഹീദിന്റെ മാറ്റൊലിക്കുമുമ്പിൽ പിടിച്ചു നിൽക്കാൻ യാഥാസ്ഥിതികത്വത്തിന്റെ ചിലന്തിവലകൾക്ക് കഴിഞ്ഞില്ല.

‘അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ (ദീനുൽ ഇസ്ലാമിനെ) കെടുത്തിക്കളയാൻ അവരുദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ - സത്യനിഷേധികൾക്ക് ഇഷ്ടമില്ലെങ്കിൽ കൂടി - തന്റെ പ്രകാശത്തെ പൂർത്തിയാക്കുക തന്നെ ചെയ്യും. (ഖു. 61 : 8)

വിജ്ഞാനത്തിന്റെയും പ്രതാപത്തിന്റെയും പാരമ്പര്യമുള്ള ഒരു കുടുംബമായിരുന്നു മുഹമ്മദ്ബ്നു അബ്ദിൽവഹാബി(റ)ന്റേത്. പിതാവായ അബ്ദുൽവഹാബ് അക്കാലത്തെ പ്രഗത്ഭനായ ഒരു പണ്ഡിതനും ഉയൈനായിലെ ഭരണാധികാരിയായിരുന്ന അബ്ദുല്ലാഹിബിൻ മുഹമ്മദിന്റെ കീഴിൽ ഒരു ജഡ്ജിയുമായിരുന്നു. കർമ്മശാസ്ത്രത്തിലും ഖുർആൻ വ്യാഖ്യാനങ്ങളിലും ഗ്രന്ഥങ്ങൾ രചിക്കുകയും അദ്ധ്യാപനം നടത്തുകയും ചെയ്തിരുന്നു അദ്ദേഹം.

ചരിത്രപുരുഷന്റെ പിതാമഹനായ സുലൈമാനുബിൻ മുഹമ്മദ് നജ്ദിന്റെ വിദ്യാഭ്യാസ സാംസ്കാരിക ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. സുലൈമാന്റെ പുത്രന്മാരിൽ രണ്ടുപേരാണ് പ്രശസ്തിയാർജ്ജിച്ചത്. അബ്ദുൽ വഹാബ്, ഇബ്രാഹീം. അബ്ദുൽ വഹാബിന്റെ പുത്രന്മാരായ മുഹമ്മദ്, സുലൈമാൻ എന്നിവരിൽ മുഹമ്മദ് എന്ന പുത്രനാണ് ‘പന്ത്രണ്ടാം നൂറ്റാണ്ടിലെ മുജദ്ദിദ്’ എന്ന പേരിലറിയപ്പെടുന്ന ശൈഖുൽ ഇസ്

ലാം മുഹമ്മദ്ബിൻ അബ്ദിൽ വഹാബ്(റ). ജീവിച്ച കാലഘട്ടത്തിലെ പ ണ്ഡിതശ്രേഷ്ഠൻ എന്ന പാരമ്പര്യം ചരിത്രപുരുഷൻെറ കുടുംബം എന്നും നിലനിർത്തിപ്പോന്നിട്ടുണ്ട്. അബ്ദുൽ വഹാബിൻെറ രണ്ടാമത്തെ പുത്ര നായ സുലൈമാൻ ആദ്യകാലത്ത് തൻെറ സഹോദരനാൽ നയിച്ച സലഫി വിപ്ലവത്തിൻെറ കണ്ഠകോടാലിയായിരുന്നു. മദീനയിലെ പല പണ്ഡി തന്മാരെയും തെറ്റിദ്ധരിപ്പിച്ച് വഹാബി മൂവ്മെൻറിന്നെതിരിൽ ഗ്രന്ഥങ്ങൾ തന്നെ രചിച്ചു. എന്നാൽ പിൽക്കാലത്ത് സുലൈമാനും ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബിൻെറ പാത അംഗീകരിക്കുകയും അല്ലാഹുവി നോട് പശ്ചാത്തപിക്കുകയും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾ ക്കുമെതിരിൽ ശബ്ദിക്കുകയും ചെയ്തു.(*)

## രംഗത്തേക്ക്

ചെറുപ്പത്തിൽ തന്നെ ഖുർആനും സിഹാഹുസ്സിത്തയിലെ അധികഭാ ഗങ്ങളും മന:പാഠമാക്കി. ഇരുപത് വയസ്സിന് മുമ്പുതന്നെ ഒരു തികഞ്ഞ പണ്ഡിതനായ മുഹമ്മദ്ബിൻ അബ്ദുൽ വഹാബ് (റ) സമൂഹത്തിൻെറ വിശ്വാസാചാരങ്ങളും ജീവിതരീതികളും വീക്ഷിച്ചുതുടങ്ങി. അവിടെ വിശ്വ സിക്കേണ്ടതിൽ ആർക്കും വിശ്വാസമില്ലായിരുന്നു. സമൂഹത്തിൻെറ പേരും പ്രവർത്തനവും പൊരുത്തമില്ലായിരുന്നു. 'ലാഇലാഹ ഇല്ലല്ലാഹു' എന്നു ഉരുവിടുന്ന 'മുസ്ലിം' അമ്പിയാ ഔലിയാക്കൾക്ക് നേർച്ച നേരുന്നതും ബലി നടത്തുന്നതും അവരോട് ഉദ്ദേശ്യസാദ്ധ്യത്തിന്നുവേണ്ടി പ്രാർത്ഥി ക്കുന്നതുമാണ് അദ്ദേഹം കണ്ടത്. കല്ലുകളും, വൃക്ഷങ്ങളും, ഖബറുകളും ഓരോ മഹാത്മാവിൻെറ പേരിൽ പൂജിക്കപ്പെട്ടിരുന്നു. വ്യഭിചാരവും മദ്യ പാനവും സമുഹവ്യാപിയായിരുന്നു. മതം ഐതിഹ്യങ്ങളും സിദ്ധികളുമാ യിരുന്നു അവർക്ക്. ബൗദ്ധികവും സാമൂഹ്യവും രാഷ്ട്രീയവുമായ രംഗ ങ്ങൾ, എല്ലാ അതിർവരമ്പുകളെയും അതിലംഘിച്ചിരുന്നു.

സമൂഹത്തിൻെറ ഈ ദയനീയ പതനം നിശ്ചലരായി നോക്കിനിൽ

---

*(തുർക്കിയിൽ അച്ചടിക്കപ്പെടുന്ന 'അസ്സ്വവാഇഖുൽ ഇലാഹിയ്യ ഫിർറദ്ദി അലൽ വഹാബിയ്യ' എന്ന ക്ഷുദ്രഗ്രന്ഥം ശൈഖുൽ ഇസ്ലാം മുഹമ്മദ് അ ബ്ദിൽവഹാബിൻെറ സഹോദരനായ സുലൈമാനുബ്നു അബ്ദിൽ വ ഹാബ് നജ്ദിയുടെതാണ്. ശൈഖ് സുലൈമാൻ തൻെറ യാഥാസ്ഥിതിക വിശ്വാസങ്ങളിൽ നിന്നു തൗഹീദിലേക്ക് തിരിച്ചുവരികയും പശ്ചാത്തപി ക്കുകയും ചെയ്തിട്ടുണ്ടെന്ന് ആ പുസ്തകം പ്രചരിപ്പിക്കുന്ന യാഥാസ്ഥിക ഏജൻറുമാർ ഗ്രഹിച്ചിട്ടില്ല! പാവം!) - (അഹ്മദ് അബ്ദുൽ ഗഫൂർ അ ത്താർ -മുഹമ്മദ്ബിൻ അബ്ദിൽ വഹാബ് , പേജ് 80).

ക്കുന്ന പണ്ഡിതന്മാരെയാണ് ചരിത്രപുരുഷൻ ആദ്യമായി സമീപിച്ചത്. പലപ്പോഴും അവരുമായി വാഗ്വാദങ്ങൾ തന്നെ നടത്തി. യാഥാർത്ഥ്യങ്ങളിൽ നിന്ന് അതിവിദൂരത്തായ സമൂഹത്തിന്റെ ജീവിതവും തൗഹീദിൽ നിന്ന് തെറ്റിപ്പോയ വിശ്വാസങ്ങളുമായിരുന്നു ആദ്യമായി അദ്ദേഹത്തിന്റെ പ്രവർത്തനരംഗം. യുക്തവും സ്പഷ്ടവുമായ മാർഗ്ഗങ്ങളാണ് അദ്ദേഹം അവലംബിച്ചത്. മതപുരോഹിതന്മാരുടെ ദേഹേച്ഛകളല്ല അല്ലാഹുവിന്റെ ദീനാണ് മനുഷ്യനെ നിയന്ത്രിക്കേണ്ടതെന്ന് അദ്ദേഹം ഉറക്കെ പ്പറഞ്ഞു.

അതിരുകവിഞ്ഞ മാമൂൽപ്രേമത്തെ അദ്ദേഹം വിമർശിച്ചു. പിതാക്കൾ ആചരിച്ചുപോന്നത് എന്തുതന്നെയായാലും മുഹമ്മദ് നബി(സ) കാണിച്ചുതന്ന മാർഗ്ഗമല്ലാതെ അനുസരിക്കാവുന്നതല്ല എന്നതിന് അദ്ദേഹം തെളിവുകൾ നല്കി. പാരമ്പര്യം വരുത്തിവെച്ച വിനകളായിരുന്നു നജ്ദിന്റെ ദൗർബല്യം. പാണ്ഡിത്യത്തിന്റെ 'ളോഹ' ധരിച്ചു മതവില്പന നടത്തുന്ന കൂലിപ്പട്ടാളങ്ങളും പാരമ്പര്യവാദികളും മുഹമ്മദ്ബിൻ അബ്ദിൽ വഹാബിന്റെ ചലനങ്ങൾ വീക്ഷിക്കാതിരുന്നില്ല. യാഥാസ്ഥിതികത്വത്തിന്റെ ഇരുമ്പുമറ നീങ്ങി യാഥാർത്ഥ്യം വ്യക്തമായാൽ സമൂഹത്തിൽ അസ്തിത്വം ഉണ്ടാകുകയില്ലെന്ന് മനസ്സിലാക്കിയ മതവില്പനക്കാർ അദ്ദേഹത്തിന്നെതിരിൽ ചുവടുവെപ്പാരംഭിച്ചു. കാക്കകാരണവന്മാർ പറഞ്ഞു കേൾക്കാത്തതാണീ ആദർശമെന്ന് അവർ വിളിച്ചുകൂവി.

പൊതുജനങ്ങളോട് യാഥാർത്ഥ്യം തുറന്നു പറയുന്നതിന്ന് മുമ്പുതന്നെ, പൊതുജനത്തെ നയിക്കുന്ന പണ്ഡിതന്മാരെ യാഥാസ്ഥിതികത്വത്തിൽ നിന്നു മോചിപ്പിക്കാനാണ് അദ്ദേഹം യത്നിച്ചത്. ഏറെക്കാലം കഴിയുന്നതിന്നു മുമ്പു തന്നെ ഉയൈനായിൽ വഹാബ് കുടുംബത്തിന്നെതിരിൽ ഖുറാഫാത്തിന്റെ പിശാച് പടവാളെടുത്തു! തുച്ഛമായ അനുയായികളും ശത്രുക്കളെ നേരിടാനുള്ള സന്നാഹക്കുറവും നിമിത്തം അദ്ദേഹം നാടുവിടാൻ നിർബന്ധിതനായി. ഹിജ്റ 1139ൽ മുഹമ്മദ്ബിൻ അബ്ദുൽ വഹാബ്(റ) തന്റെ അനുയായികളോടൊപ്പം ഹുറൈമിലായിലേക്ക് ഹിജ്റ പോയി.

## മക്കായിലേക്ക്

സമൂഹം തന്നെ വകവരുത്തിയേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. ശക്തിയും സന്നാഹവുമില്ലാതെ പൊതുജനത്തെ അഭിമുഖീകരിച്ചുകൂടെന്ന് തീരുമാനിച്ചു. ഹുറൈമിലായിൽ നിന്ന് എങ്ങോട്ട് എന്ന് ചിന്തിക്കവെ ഹജ്ജ് കർമ്മം നിർവ്വഹിക്കണമെന്ന് തോന്നി. മക്കായിലേയും മദീനായിലെയും

പണ്ഡിതന്മാരുമായി ബന്ധപ്പെടുകയായിരുന്നു ഹജ്ജ് യാത്രയിലെ രണ്ടാമത്തെ ഉദ്ദേശ്യം. മക്കയിൽ അദ്ദേഹത്തിനു പണ്ഡിതോചിതമായ സ്വീകരണം ലഭിച്ചു. മദീനായിലെ മുഫ്തിയായിരുന്ന ശൈഖ് മുഹമ്മദ് ഹയാത്തുസ്സിൻദിയടക്കം അനേകം പണ്ഡിതന്മാരെ സമീപിച്ചു വിവിധ വിജ്ഞാന രേഖകളിൽ അഗാധമായ ജ്ഞാനം നേടി.

മക്കായിൽ ഹജ്ജിന്നുവന്ന മുസ്ലിംകൾ ഹിറാ-സൗർ ഗുഹകളിൽ നിന്നു പുണ്യത്തിനുവേണ്ടി മണ്ണുവാരി പോകുന്നതും മദീനയിൽ നബി(സ)യുടെ ഖബ്ർ സിയാറത്ത് എന്ന വ്യാജേന ഇസ്തിഗാസയും സാഷ്ടാംഗങ്ങളും ചെയ്യുന്നതുമായ ദയനീയ രംഗമാണ് ശൈഖ് മുഹമ്മദബ്നു അബ്ദിൽ വഹാബ്(റ) കണ്ടത്. ബിംബപൂജയെ തകർക്കുവാനും തൗഹീദ് സ്ഥാപിക്കുവാനും വേണ്ടി ചരിത്രത്തിൽ തുല്യതയില്ലാത്ത അഗ്നിപരീക്ഷണങ്ങളെ നേരിട്ട ഹസ്രത്ത് ഇബ്രാഹീം (അ)ൻെറയും ഇസ്മാഈൽ (അ)ൻെറയും പ്രതിമകൾ കഅ്ബയിൽ പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്ന ജാഹിലിയ്യത്തിലേക്ക് മുസ്ലിംലോകം മടങ്ങിച്ചെല്ലുകയാണോ എന്നു യുഗപ്രഭാവനായ ആ കർമ്മയോഗി സംശയിച്ചു. കലിമത്തുത്തൗഹീദിൻെറ ഉജ്ജ്വലമായ ആവേശം ഉൾക്കൊണ്ട് അദ്ദേഹം നജ്ദിലേക്ക് തിരിക്കുമ്പോൾ ഒരു പ്രതിജ്ഞയെടുത്തിരുന്നു. ബിംബങ്ങൾ തച്ചുടക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്ക് ജനങ്ങളെ നയിക്കും. ആ പ്രതിജ്ഞയുടെ ശക്തമായ താപമേറ്റ് ഇന്നും യാഥാസ്ഥിതികത്വത്തിൻെറ മണൽകോട്ടകളും പൗരോഹിത്യത്തിൻെറ ആകാശകോട്ടകളും തകർന്നുകൊണ്ടിരിക്കുന്നു.

## ദാഹം! ദാഹം!

**മദീനായിൽ നിന്നു നജ്ദിലെത്തിയശേഷം അറേബ്യാരാജ്യങ്ങളിലെ എല്ലാ പണ്ഡിതന്മാരെയും സമീപിച്ചു അറിവുകൾ സമ്പാദിക്കണമെന്ന അഭിലാഷം വീണ്ടും അദ്ദേഹത്തെ ഒരു യാത്രക്കൊരുക്കി. ബസറയിലേക്കാണ് പിന്നെ ഇറങ്ങിത്തിരിച്ചത്. അവിടെ വെച്ച് ശൈഖ് മുഹമ്മദ് അൽ മജ്മുഇയിൽ നിന്നു പഠനം തുടർന്നു.**

**ഇതിന്നിടയിൽ തദ്ദേശവാസികളുടെ ആചാരാനുഷ്ഠാനങ്ങളെ അദ്ദേഹം സ്പർശിച്ചു. ഖബ്ർപൂജ അവിടെ അംഗീകരിക്കപ്പെട്ട ആരാധനയായിരുന്നു. തൗഹീദിൻെറ ശബ്ദം കേട്ട പൂജാരികൾ അദ്ദേഹത്തെ വളഞ്ഞു കൊള്ള ചെയ്തു. അല്ലാഹു ഏകനാണ് എന്നു പറഞ്ഞ 'തെറ്റി'നുവേണ്ടി മുഹമ്മദുബിൻ അബ്ദുൽവഹാബ്(റ) ബസറയിൽ നിന്ന് നാടുകടത്തപ്പെട്ടു. ആ സത്യവിശ്വാസിക്ക് അഭയം നൽകിയ മുഹമ്മദ് അൽ മജ്മൂഇയെ അവർ കഠിനമായി മർദ്ദിച്ചു. ചുട്ടുപഴുത്ത മണലാരണ്യത്തിലേക്ക് വ**

സ്ത്രങ്ങളും പാദരക്ഷയും ഭക്ഷണപാനീയങ്ങളും കൊള്ള ചെയ്തശേഷം അദ്ദേഹത്തെ അവർ ഇറക്കിവിട്ടു. അല്ലാഹുവിൻെറ പ്രകാശം കെടുത്തിക്കളയാൻ ആ പുരോഹിതവർഗ്ഗം വിഫലശ്രമം നടത്തുകയായിരുന്നു.

ബസറായുടെയും സബീറിൻെറയും മദ്ധ്യെ ആരുമാരുമില്ലാത്ത മണൽക്കാട്ടിൽ ആ വിശ്വാസി ദാഹിച്ചു വീണു. തലക്കുമീതെ കത്തിയെരിയുന്ന ആകാശം. വിശാലമായ ചക്രവാളസീമകൾ. ഒരിറ്റ് ദാഹജലം ലഭിക്കാതെ ഈ ജീവൻ രക്ഷപ്പെടില്ല! ആ നയനങ്ങൾ മെല്ലെ അടഞ്ഞു!! ദേഹം നിശ്ചലമായി. ആ അധരങ്ങൾ മാത്രം ചലിച്ചു. 'നാഥാ എന്നെ രക്ഷിക്കേണമേ, സഹനശീലം പ്രദാനം ചെയ്യേണമേ ......

## പരീക്ഷണങ്ങളിലൂടെ

അബൂഹുമൈദാൻ എന്ന ഒരു യാത്രക്കാരനാണ് വളരെ ദൂരത്ത് നിന്ന് മരുഭൂമിയിൽ വീണുപിടയുന്ന ആ രൂപം കണ്ടത്. ക്ഷണത്തിൽ അദ്ദേഹം അവിടെയെത്തി. ഊർദ്ധശ്വാസത്തിലും പ്രാർത്ഥിച്ചുകൊണ്ട് പിടയുന്ന ഇബ്നു അബ്ദുൽവഹാബിന് അദ്ദേഹം ദാഹജലം നല്കി. തൻെറ കഴുതപ്പുറത്ത് കയറ്റി സബീറിലെത്തിച്ചു. സബീറിൽ വളരെ കുറച്ചു ദിവസം മാത്രമേ താമസിച്ചുള്ളൂ. തുടർന്ന് സിറിയയിലേക്ക് പോകാനാണ് അദ്ദേഹം ആഗ്രഹിച്ചത്. എന്നാൽ ബസറയിലെ യാഥാസ്ഥിതികർ തൻെറ സ്വത്തുക്കളും ആരോഗ്യവും കൊള്ളചെയ്തിരുന്നതിനാൽ യാത്ര തുടരാൻ കഴിഞ്ഞില്ല. തന്മൂലം ഹുറൈമിലായിലേക്ക് തന്നെ മടങ്ങി. അവിടെ പിതാവിൻെറ സംരക്ഷണത്തിൽ പ്രബോധനം തുടർന്നു. യാഥാസ്ഥിതികർ അവിടെയും രോഷാകുലരായെങ്കിലും അദ്ദേഹത്തെ വകവരുത്തുവാൻ അവർക്ക് പ്രയാസമുണ്ടായി. പിതാവായ അബ്ദുൽവഹാബ് ആയിരുന്നു ആ തടസ്സം. 1153ൽ പിതാവ് മരിച്ചതോടെ ചരിത്രപുരുഷൻ പൂർണമായും ഒറ്റപ്പെട്ടു. എന്നാൽ അല്ലാഹുവിൻെറ ദീൻ ഒരിക്കലും ഒറ്റപ്പെടുകയില്ലല്ലോ.

സന്താനഭാഗ്യത്തിന്നുവേണ്ടി പുണ്യവൃക്ഷങ്ങൾക്കും ശിലകൾക്കും ബലിനടത്തി രക്തം പുരട്ടുന്ന സ്ത്രീകളും മരിച്ചുപോയ മഹാന്മാരുടെ ജാറത്തിങ്കൽ ചെന്ന് സമ്പന്നനാകാൻ പ്രാർത്ഥിക്കുന്ന കടക്കാരനും നേർച്ചമൃഗങ്ങളുടെ രോമങ്ങൾ മുറിച്ചെടുത്ത് പുകപ്പിച്ച് രോഗശമനം നേടുന്ന സാധാരണക്കാരനും നാട്ടിൽ അനുദിനം അധികരിച്ചുവരികയായിരുന്നു. 'ലാഇലാഹഇല്ലല്ലാഹു' എന്ന് പറയുകയും ഇത്തരം ആചാരവൈകൃതങ്ങൾ പുലർത്തകയും ചെയ്യുന്നത് പരസ്പര വിരുദ്ധങ്ങളാണെന്നു അദ്ദേഹം സലക്ഷ്യം സ്ഥാപിച്ചു. നിങ്ങൾ അല്ലാഹുവിനെ സഹായിച്ചാൽ നിങ്ങളെ അതിജയിക്കുന്നവർ ആരുമില്ല എന്ന ഖുർആൻ വാക്യം അദ്ദേഹത്തിന് ധൈര്യവും ആവേശവും പകർന്നു.

## ഗൂഢാലോചന

ഇബ്നു അബ്ദുൽവഹാബിൻെറ ശബ്ദം നജ്ദിൽ ചലനങ്ങളായി രൂപംകൊണ്ടു. അതോടൊപ്പം തന്നെ പിശാചുക്കളും സടകുടഞ്ഞെഴുന്നേറ്റ് പുതിയ വിപ്ലവത്തെ അടിച്ചമർത്താൻ തന്നെ തീരുമാനിച്ചു. ഹുറൈമിലായിൽ ജനസമ്മതനായ ഒരു നേതാവുണ്ടായിരുന്നില്ല അന്ന്. ഒന്നു രണ്ടു ഗോത്രത്തലവന്മാരായിരുന്നു നാട് നിയന്ത്രിച്ചിരുന്നത്. എന്നാൽ അവർ തന്നെ പരസ്പര സ്പർദ്ദയിലും. അതുമൂലം സമൂഹത്തിൽ അസ്വസ്ഥത നിലനിന്നു. സഊദ് കുടുംബം അധികാരത്തിൽ വന്നതിന്നുശേഷമാണ് ആ അന്തരീക്ഷം ശാന്തമായത്.

ഒരു കാര്യത്തിലും ഏകീകരിക്കാത്ത തൻെറ സമൂഹത്തെ ഇസ്ലാമിക ശരീഅത്തിൻെറ കീഴിൽ ഐക്യഭദ്രമാക്കുവാനാണ് ചരിത്രപുരുഷൻ ശ്രമിച്ചത്. പക്ഷെ അത് സമൂഹത്തിലെ പിന്തിരിപ്പൻ വിഭാഗത്തെ ചൊടിപ്പിച്ചു. കഠിനശൈത്യമുള്ള ഒരു കരാളരാത്രിയിൽ ഒരു ഗൂഢസംഘം മാരകായുധങ്ങളുമായി പുറത്തിറങ്ങി. ഇബ്നുഅബ്ദിൽവഹാബിൻെറ ഭവനമായിരുന്നു അവരുടെലക്ഷ്യം. അവർ ആ വീടിൻെറ മതിലുകൾ ചാടിക്കയറുകയായിരുന്നു. അപ്പോൾ മാത്രം അവിടെ എത്തിച്ചേർന്ന ഒരു കച്ചവടസംഘത്തിൻെറ ദൃഷ്ടിയിൽ ഇതുപെട്ടു. കൊള്ളക്കാരാണെന്നു കരുതി അവർ ബഹളമുണ്ടാക്കി - ഗൂഢസംഘം ഓടിമറയുകയും ചെയ്തു.

ഈ സംഭവത്തിനുശേഷം മുഹമ്മദ്ബിൻ അബ്ദിൽ വഹാബ്(റ) ഹുറൈമിലായിൽ നിന്ന് യാത്ര തിരിക്കാൻ തന്നെ തീരുമാനിച്ചു. അദ്ദേഹം വീണ്ടും ഉയൈനായിലേക്ക് മടങ്ങി.

## ചലനം ഉയൈനായിൽ

അന്ന് ഉയൈനായിലെ ഭരണാധികാരി ഉസ്മാനുബിൻ ഹമദ് ആയിരുന്നു. നജ്ദിലും പ്രാന്തപ്രദേശങ്ങളിലും തൗഹീദിന്നുവേണ്ടി ശബ്ദിക്കുകയും ഒട്ടേറെ ത്യാഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇബ്നു അബ്ദിൽവഹാബ്(റ)ൻെറ ആഗമനത്തിൽ അമീർ ഉസ്മാൻ അത്യധികം സന്തോഷിച്ചു.

ഉയൈനായിൽ വെച്ച് ആദ്യമായി തൻെറ പ്രബോധനം ഭരണാധികാരിയോട് തന്നെയായിരുന്നു. അസാമാന്യമായ പാണ്ഡിത്യവും വിനയവുമുള്ള സൂര്യപുരുഷൻെറ ആശയങ്ങൾ ഗ്രഹിച്ചു തൻെറ തെറ്റുതിരുത്തുവാൻ അമീറിന് അധികകാലം വേണ്ടിവന്നില്ല. അദ്ദേഹം തൻെറ നാട്ടിൽ തൗഹീദ് പ്രചരണത്തിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തു. തൻെറ മകൾ ജൗഹറയെ (ജൗഹറ : അമീർഉസ്മാൻെറ പിതൃസഹോദരി

യാണെന്നും അഭിപ്രായമുണ്ട്) ഇബ്നു അബ്ദിൽ വഹാബിന് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു.

ബുദ്ധിമതിയും വിവേകിയുമായ ജൗഹറയുടെ സാന്നിദ്ധ്യം അദ്ദേഹത്തിൻെറ പ്രബോധനങ്ങൾക്ക് സഹായകമായിരുന്നു. അവർ തൻെറ ഭർത്താവിന് സർവ്വവിധ പിന്തുണയും നൽകുവാൻ പിതാവിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു.

ഉയയ്നായിലെ തലമുറകൾ പാരമ്പര്യമായി ആരാധിച്ചുപോന്ന ഒരു വൃക്ഷമുണ്ടായിരുന്നു. അതിൻെറ വേരറുക്കാതെ മനുഷ്യഹൃദയങ്ങളിൽ നിന്നും അതിനോടുള്ള ഭക്തി നശിക്കുകയില്ലെന്നു ശൈഖ് അവർകൾ മനസ്സിലാക്കി. തൻെറ തൊണ്ണൂറ് അനുയായികളോടൊപ്പം അദ്ദേഹം വൃക്ഷം മുറിക്കാൻ പുറപ്പെട്ടു. ഈ വാർത്തയറിഞ്ഞ ഭക്തജനങ്ങൾ ആർത്തിരമ്പി വന്നു. തങ്ങളും പിതാക്കളും പൂജിച്ചുപോന്ന വൃക്ഷത്തെ ഉപദ്രവിക്കുന്നവരുടെ ദുര്യോഗം കാണാൻ അവർ ഹൃദയവ്യഥയോടെ കാത്തുനിന്നു.

മക്കാവിജയത്തിൻെറ ദിവസം കഅ്ബായിലെ ബിംബങ്ങൾ പുറത്തെറിയുമ്പോൾ നബി(സ) ഓതിക്കൊണ്ടിരുന്ന ഖുർആൻ വാക്യം ഇബ്നു അബ്ദുൽവഹാബ് (റ) ഓതിക്കൊണ്ടിരുന്നു. 'ഖുൽജാഅൽഹഖു........ (പറയുക സത്യം വന്നുകഴിഞ്ഞു. അസത്യം നശിച്ചുപോയി. വാസ്തവത്തിൽ അസത്യം നശിക്കേണ്ടതു തന്നെയാണ്). അദ്ദേഹവും അനുയായികളും മരത്തെ ആഞ്ഞുവെട്ടി. ഭക്തഹൃദയങ്ങൾ പതറിത്തുടങ്ങി. ഒടുവിൽ ആ ആരാധ്യവൃക്ഷം ഒരു ഹുങ്കാരത്തോടെ നിലത്തുവീണു. അവിടെ കറാമത്തുകൾ ഒന്നും കണ്ടില്ല. ഒരു പക്ഷെ ഭക്തജനങ്ങൾ ആത്മഗതം ചെയ്തിട്ടുണ്ടായേക്കാം. പുത്തൻ പ്രസ്ഥാനത്തിൻെറ ധിക്കാരമെന്ന്!

ജബീലാ പട്ടണത്തിൽ ഒരു ഖബറുണ്ടായിരുന്നു, അബൂബക്കർ സിദ്ദീഖ്(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതിന്നുശേഷം കള്ളപ്രവാചകനായി ചമഞ്ഞ് മുസ്ലിം സമൂഹത്തെ എതിർത്ത മുസൈലിമത്തുൽ കദ്ദാബുമായുള്ള സമരത്തിൽ ശഹീദായ സൈദുബിൻ ഖത്താബിൻെറതായിരുന്നു ആ ഖബ്ർ. അമീർ ഉസ്മാനും അറുനൂറ് അശ്വഭടന്മാരും ഇബ്നുഅബ്ദിൽ വഹാബും കൂടി ഭക്തജനങ്ങളുടെ മുന്നിൽ വെച്ച് ആ ജാറം നിരപ്പാക്കി. ഖബ്റിൽ നിന്നു പ്രതീക്ഷിക്കപ്പെട്ട 'കറാമത്തുകൾ' കാണാത്ത പൂജാരികൾ വിസ്മയിച്ചു . ഈ രണ്ടു സംഭവങ്ങൾക്കുശേഷം നജ്ദിലും പരിസരത്തും ഖുറാഫാത്തിൻെറ കാലടികൾക്കുള്ളിൽ നിന്നു മണ്ണിളകിത്തുടങ്ങി.

## വീണ്ടും പരീക്ഷിക്കപ്പെടുന്നു

ഉയൈനായിൽ ഭരണാധികാരിയുടെ സഹായത്തോടെ ഒരു പുതിയ് വിപ്ലവം നാമ്പെടുത്തതായി വാർത്തകൾ പരന്നു. നജ്ദിലെ പല നാട്ടു പ്രമാണികൾക്കും ഭയമായി. അൽഅഹ്സായിലെ ഭരണാധികാരിയും ശക്തനുമായ സുലൈമാൻ അമീർ ഉസ്മാനെ താക്കീത് നൽകി. ഇബ്നു അബ്ദിൽ വഹാബിന്റെ പ്രസ്ഥാനത്തിന്നു ഇനിയും പിന്തുണ നൽകിയാൽ യുദ്ധം ചെയ്യേണ്ടിവരുമെന്നു അദ്ദേഹം അമീർ ഉസ്മാനെ ഭീഷണിപ്പെടുത്തി. മാത്രമല്ല ഉയൈനായിലെ ബദവികളുടെ നേതാവായ ഇബ്നുശാമിസിന്റെ നേതൃത്വത്തിൽ കലാപകാരികൾ പള്ളിയിൽ താവളമടിച്ചു. ഉയൈനായിലെ ഭരണാധികാരിയേയും സ്മര്യപുരുഷനെയും വകവരുത്തുകയായിരുന്നു അവരുടെലക്ഷ്യം. അങ്ങനെ ഉയൈന നാലുഭാഗത്തുനിന്നും കലാപങ്ങൾക്ക് വിധേയമായി. മുഹമ്മദ്ബിൻ അബ്ദിൽ വഹാബ് അവിടെ ജീവിച്ചിരിക്കുന്നു എന്നതായിരുന്നു ഈ കലാപത്തിന്റെ കാരണം. അമീർ ഉസ്മാന്റെ വിഷമാവസ്ഥ കണ്ടറിഞ്ഞു അദ്ദേഹം ഉയൈനായിൽ നിന്നു നാടുവിടാൻ തന്നെ തീരുമാനിച്ചു.

## വെളിച്ചം

ദർഇയയിലേക്കാണ് ശൈഖ് മുഹമ്മദ്ബിൻ അബ്ദിൽവഹാബ്(റ) പിന്നെ ചെന്നത്. അബ്ദുല്ലാഹിബ്നു സുവൈലിം എന്നൊരാളുടെ അതിഥിയായി അവിടെ താമസമാരംഭിച്ചു. ഉയൈനായിലുണ്ടായ ചലനങ്ങളും വമ്പിച്ച പ്രതിധ്വനികളും ഇബ്നുസുവൈലിം മനസ്സിലാക്കിയിരുന്നു.ശൈഖ്(റ)ന്നു അഭയം നൽകിയ ഉസ്മാനുബ്നു മഅ്മറിന്നു നേരിട്ടതുപോലെ ഭരണകൂടത്തിൽ നിന്നും സമൂഹത്തിൽ നിന്നും താൻ ഒറ്റപ്പെട്ടേക്കുമോ എന്ന് അയാൾ ശങ്കിക്കാതിരുന്നില്ല. എന്നാൽ ഈ സംഭവം ഇബ്നുസുവൈലിം ഒട്ടും അതിഥിയെ അറിയിച്ചിരുന്നില്ല. ഇതിന്നിടയിൽ അദ്ദേഹം താമസിക്കുന്ന വീട് വിജ്ഞാനദാഹികളെക്കൊണ്ട് നിറഞ്ഞൊഴുകി.

ദർഇയയിലെ ഭരണാധികാരി അന്ന് മുഹമ്മദ്ബ്നു സഊദ് ആയിരുന്നു. അബ്ദുല്ലാഹിബിൻ സുവൈലിം പ്രതീക്ഷിച്ചതുപോലെ ഇബ്നുഅബ്ദിൽവഹാബിന്റെ ചലനങ്ങളിൽ അനാകൃഷ്ടനായിരുന്നില്ല അമീർ മുഹമ്മദ്ബിൻ സുഊദ്. ഉയൈനലും പരിസരത്തും ഇസ്ലാഹി പ്രസ്ഥാനത്തിന്റെ വിപ്ലവദീപ്തം കൊളുത്തിയ യുഗപ്രഭാവനായ ആ കർമ്മയോഗി ദർഇയയിലെത്തിയിട്ടുണ്ടെന്ന വിവരം ഒരു ശിഷ്യൻ മുഖേന അമീർ മുഹമ്മദ് ബ്നു സുഊദ് അറിഞ്ഞു. ഉയൈനായിലെ തറവാട്ടു ബിംബങ്ങൾ തച്ചുടച്ചു തൗഹീദ് പ്രചരിപ്പിച്ചുകൊണ്ടിരുന്ന ഇബ്നു അബ്ദുൽ വഹാബി

ൻെറ പ്രവർത്തനങ്ങളിൽ ആവേശഭരിതനായിരുന്ന ഇബ്നു സഊദ് പരിവാരങ്ങളോടാപ്പം അബ്ദുല്ലാഹിബ്നു സുവൈലിമിൻെറ വീട്ടിലേക്ക് പുറപ്പെട്ടു.

ഒരു കൊടുങ്കാറ്റിൻെറ ആരംഭം കുറിക്കുകയായിരുന്നു ദർഇയയിൽ. അറേബ്യൻ മണലാരണ്യത്തിൽ നൂറ്റാണ്ടുകളോളം യാഥാസ്ഥിതിക പൗരോഹിത്യത്തിൻെറ മർക്കട മുഷ്ടിക്കുള്ളിൽ ഞെരുങ്ങിയമർന്നിരുന്ന അനേകായിരം മുസ്‌ലിം ഹൃദയങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുകയായിരുന്നു അന്ന്. അമീർ ഇബ്നുസുഊദ്, അബ്ദുല്ലാഹിബ്നു സുവൈലിമിൻെറ വീട്ടിൽ ചെന്നു 'ഓ! ശൈഖ്! സന്തോഷമായിരിക്കുക. ആദർശ പ്രചരണത്തിന്നു സർവ്വവിധ പിന്തുണയും ഞാനിതാ വാഗ്ദാനം ചെയ്തുകൊള്ളുന്നു. ഇബ്നുസഊദ് സംസാരമാരംഭിച്ചു.

'വിശ്വാസികളാണെങ്കിൽ നാം തന്നെയാണ് ഉൽകൃഷ്ടന്മാർ. 'ലാഇലാഹ ഇല്ലല്ലാഹു' എന്ന ഈ വിശുദ്ധ വചനം ആത്മാർഥമായി വിശ്വസിക്കുന്ന ജനത പരാജയപ്പെടുകയില്ല. നിങ്ങൾ തൗഹീദിൽ വിശ്വസിക്കുക. എങ്കിൽ ഇന്നും നാളെയും നമുക്ക് വിജയം സുനിശ്ചിതമാണ്'. ശൈഖ് മറുപടി പറഞ്ഞു.

ഇതുകേട്ട അമീർ ഇബ്നുസഊദ് അല്ലാഹുവിൻെറ ദീനിനെ സഹായിക്കാമെന്ന് ശൈഖ് ഇബ്നു അബ്ദിൽ വഹാബുമായി ബൈഅത്തു ചെയ്തു. അദ്ദേഹം ശൈഖിനോട് രണ്ടു നിബന്ധനയും കൂടി മുന്നോട്ടുവെച്ചു. 'ഒന്ന് താങ്കൾ ഈ നാട് വിട്ടുമാറിത്താമസിക്കരുത്. രണ്ട് ഞാൻ ദർഇയ നിവാസികൾക്ക് ചില സാമ്പത്തിക നിയമങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പഴങ്ങൾ മൂപ്പെത്തുമ്പോൾ ഞാൻ അവരിൽ നിന്ന് നിശ്ചിത വിഹിതം പിടിച്ചെടുക്കും. താങ്കൾ ഒരിക്കലും തടസ്സമാവരുത്'

ദർഇയയിലെ ഭരണാധികാരി സഹായത്തിൻെറ കൈത്തിരി നീട്ടിപ്പിടിച്ചുകൊണ്ട് മുന്നോട്ടുവെച്ച ഡിമാൻറുകൾ അപ്പടി സ്വീകരിക്കാൻ മാത്രം ശൈഖ് ഇബ്നു അബ്ദിൽവഹാബ്(റ)അവിവേകിയായിരുന്നില്ല. അദ്ദേഹം പ്രഖ്യാപിച്ചു. ദീനുൽ ഇസ്‌ലാം അനുവദിക്കുന്നതെല്ലാം ഞാനും അനുവദിച്ചു തരാൻ ബാധ്യസ്ഥനാണ്. മതം അനുവദിക്കാത്ത കാര്യങ്ങളിൽ താങ്കളുമായ ഒരു കരാറു ചെയ്യുവാൻ ഞാനാരാണ്? സ്വനിയമങ്ങളേക്കാൾ അല്ലാഹുവിൻെറ പാശമാണ് നിങ്ങൾക്കുത്തമം'

ഉൽക്കടമായ ഈമാനികാവേശത്തിൽ നിന്നുത്ഭൂതമായ ഈ ശബ്ദം, അതും ദർഇയയിലെ ഭരണാധിപൻെറ മുന്നിൽ വെച്ചു ശൈഖ് ഇബ്നുഅബ്ദിൽവഹാബ്(റ) പ്രഖ്യാപിച്ചപ്പോൾ സദസ്സു ഞെട്ടിവിറച്ചു. അമീർ മുഹമ്മദുബ്നു സഊദിൻെറ പ്രതികരണവും കാത്ത് ജനങ്ങൾ ആകാംക്ഷയോടെ കാത്തിരുന്നു!

## ഒരു യുഗത്തിൻെറ തുടക്കം

അന്നുമുതൽ യാഥാസ്ഥിതികത്വത്തിന്നെതിരിൽ ഒരു ഭരണകൂടം നജ്ദിൽ രൂപംപ്രാപിച്ചു. അല്ലാഹുവിൻെറ ദീനിന്നുവേണ്ടി സർവ്വവിധ സഹായങ്ങളും ത്യാഗങ്ങളും അമീർ മുഹമ്മദ്ബ്നു സഊദ് വാഗ്ദാനം ചെയ്തു. പുരോഹിതന്മാരുടെ ആത്മീയാടിമത്വം തുടച്ചുനീക്കുക എന്ന നയപ്രഖ്യാപനത്തോടുകൂടി ആ ഭരണാധിപനും തൗഹീദ് പ്രചരിപ്പിക്കുവാൻ ഇബ്നു അബ്ദിൽവഹാബ്(റ)ൻെറ കൂടെ രംഗത്തിറങ്ങി. ദർഇയായിലേക്ക് വിജ്ഞാനകുതുകികളായ വിദ്യാർത്ഥികൾ പ്രവഹിച്ചു. പള്ളികൾ നിറഞ്ഞൊഴുകി. എങ്ങും ഒരുപുതുജീവൻെറ പ്രസരിപ്പ് അലതല്ലി. ചിന്താമോചനത്തിൻെറ മാധുര്യവും ദൈവികബോധത്തിൻെറ മന:ശാന്തിയും അവർ ആസ്വദിച്ചു.

എന്നാൽ ഒരു കറുത്തിരുണ്ട മറുഭാഗം അവിടെയുണ്ടായിരുന്നു. പുരോഹിതന്മാരും അവരുടെ ദല്ലാളികളും സർവ്വ പടക്കോപ്പുകളോടുംകൂടി രംഗത്തിറങ്ങി. അമ്പിയാഔലിയാക്കളോട് പ്രാർത്ഥിക്കുന്നത് തടയുന്ന ഈ വിപ്ലവകാരി കാഫിറാണെന്ന് അവർ മുദ്രകുത്തി. പുത്തൻ പ്രസ്ഥാനക്കാരനെന്നും ആഭിചാരിയെന്നും അവർ അദ്ദേഹത്തെ ആരോപിച്ചു. എന്നാൽ ശാന്തഗംഭീരനായി, സുസ്മേരവദനനായി ഖുർആനും സുന്നത്തും കയ്യിൽ പിടിച്ചുകൊണ്ട് അദ്ദേഹം മനുഷ്യഹൃദയങ്ങളിലേക്ക് കയറിചെന്നു. ധിക്കാരികളുടെ മന:പരിവർത്തനത്തിൻെറ ഏറ്റവും വലിയ ഹേതു അദ്ദേഹത്തിൻെറ ശാന്തശീലമായിരുന്നു.

തൻെറ സഹോദരൻ സുലൈമാനുബിൻ അബ്ദിൽവഹാബ് ഒരു പണ്ഡിതനും,സ്മര്യപുരുഷൻെറആദർശ ശത്രുക്കളിൽ ഒരാളുമായിരുന്നു. അദ്ദേഹം മദീനായിലും ഹിജാസിൻെറ പല ഭാഗങ്ങളിലും ചുറ്റിനടന്നു ഇബ്നു അബ്ദിൽ വഹാബിന്നെതിരിൽ പ്രചാരവേല നടത്തി ഗ്രന്ഥങ്ങൾ തന്നെ പ്രസിദ്ധീകരിച്ചു. ഇബ്നുഅബ്ദിൽവഹാബ് തൻെറ സഹോദരനെ കത്തുകളിൽ കൂടി ഉപദേശിച്ചുകൊണ്ടിരുന്നു. കുടുംബബന്ധം വിഛേദിക്കരുതെന്നും സത്യംഗ്രഹിച്ചതിന്നു ശേഷവും ബാത്തിലുകൾ പ്രചരിപ്പിക്കുമ്പോൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അദ്ദേഹം സഹോദരനെ ഉപദേശിച്ചു. അവസാനം സുലൈമാൻ ചരിത്രപുരുഷൻെറ സന്നിധിയിൽ വന്നുമാപ്പു ചോദിച്ചു. മാപ്പു നൽകേണ്ടവൻ അല്ലാഹു മാത്രമാണെന്ന് അദ്ദേഹം സുലൈമാനെ ഓർമ്മിപ്പിച്ചു. മുഹമ്മദ്ബ്നു അബ്ദിൽവഹാബിന്നെതിരിൽ താനെഴുതിയ ഗ്രന്ഥങ്ങളെല്ലാം അസൂയയുടെയും സ്വാർത്ഥത്തിൻെറയും ചൂഷണ മനോഭാവത്തിൻെറയും സന്തതിയാണെന്നും അല്ലാഹുവിൻെറ ദീനുമായി ആ ഗ്രന്ഥങ്ങൾക്കു തീരെ ബന്ധമില്ലെന്നും സുലൈമാനുബിൻ അബ്ദിൽ വഹാബ് പ്രഖ്യാപിച്ചു. ഇങ്ങനെ ഗ്രന്ഥകർത്താവ്

തന്നെ പശ്ചാത്തപിച്ച് തള്ളിപ്പറഞ്ഞ ഗ്രന്ഥങ്ങളാണ് അന്നും ഇന്നും യാഥാസ്ഥിതികർ പിടിച്ചുതൂങ്ങുന്ന തെളിവുകൾ.

## വിപ്ലവം ജയിക്കുന്നു

ഉയൈനായിലെ ഭരണാധികാരി അമീർഉസ്മാൻ ശൈഖ് ഇബ്നു അബ്ദിൽവഹാബ്(റ)നെ കൂടെ കൂടെ സന്ദർശിക്കാറുണ്ടായിരുന്നു. ഇക്കാരണത്താൽ ഒരു ഗൂഢസംഘം അമീർ ഉസ്മാനെ വധിച്ചു. ജുമുഅ നമസ്കാരത്തിന്ന് നേതൃത്വം നല്കിയശേഷം പുറത്തിറങ്ങിയതായിരുന്നു അദ്ദേഹം. തദ്വാരാ ഉയൈനാ വീണ്ടും ഒരു ആഭ്യന്തര കലാപത്തിന്റെ വക്കത്തെത്തി. ഇതുകണ്ട് മുഹമ്മദ്ബിൻ അബ്ദിൽവഹാബ് ഉയൈനായിൽ ചെന്ന് അമീർ ഉസ്മാന്റെ പിൻഗാമിയായി മശാരിബിൻ മഅ്മറിന്നു ഭരണം ഏല്പിച്ചു കൊടുത്തു. രാജ്യം ശാന്തമായപ്പോൾ അദ്ദേഹം ദർഇയയിലേക്കുതന്നെ മടങ്ങി. തന്റെ സന്ദേശം ശ്രവിച്ച നാട്ടിൽ അദ്ദേഹത്തിന്റെ സ്വാധീനം വളരെ ശക്തമായിരുന്നു. തുടർന്നു വിവിധ നാടുകളിലേക്കു പ്രബോധകന്മാരെ അയച്ചുകൊണ്ടിരുന്നു.

നജ്ദ്, ഇഹ്സാ, സിറിയ, ബസറ, ഇറാഖ് എന്നിവടങ്ങളിൽ ഇബ്നു അബ്ദിൽവഹാബ്(റ)ന്റെ അനുയായികൾ വർദ്ധിച്ചു. ദർഇയയിലെ ഭരണാധികാരിയായ ഇബ്നുസഊദിന്റെ പൂർണ്ണപിന്തുണയോടെ മുമ്പോട്ടുപോകുന്ന ഈ വിപ്ലവം പല നാട്ടുപ്രമാണികളെയുംപ്രലോഭിപ്പിച്ചു.റിയാളിലെ അമീറായിരുന്ന ദഹാമുബിൻ ദവാസ്, ഇഹ്സായിലെ അമീർ സുലൈമാൻ, ഖത്തീഫിലെ അമീർ ഇബ്നുമുഫ്ലഖ് എന്നിവർ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ പ്രധാനശത്രുക്കളായിരുന്നു. ദിഹാമുബിൻ ദവാസിൽ നിന്നാണ് ഇബ്നു അബ്ദിൽ വഹാബ് ഏറ്റവും കൂടുതൽ ആക്രമണം നേരിട്ടത്. സഊദ് ഭരണകൂടം നടത്തിയ ആദ്യത്തെ യുദ്ധവും ദിഹാമിനോട് തന്നെയായിരുന്നു. വഞ്ചനയുടെ പ്രതീകമായാണ് ദിഹാം ചരിത്രത്തിൽ അറിയപ്പെടുന്നത്.

## റിയാളിൽ ഒരു രക്തരക്ഷസ്

റിയാളിലെ മുൻ ഭരണാധിപനായിരുന്ന അബൂസുർഅയുടെ പ്രധാന അടിമയായ ഖമീസിന്റെ ഭൃത്യനായിരുന്നു ദിഹാം. അബൂസുർഅയുടെ കുടുംബത്തിൽ തന്നെയുള്ള ഒരു മാനസികരോഗി അദ്ദേഹത്തെ വധിച്ചു. ഈ രംഗത്തിന്നു സാക്ഷ്യം വഹിച്ച ഖമീസ് എന്ന അടിമ ഘാതകനെയും വധിച്ചു. തുടർന്നു അബൂസുർഅയുടെ പുത്രന്മാരിൽ ഭരണസാരഥ്യം വഹിക്കാൻ പ്രാപ്തരായവർ ഉണ്ടായിരുന്നില്ല. ഈ അവസരം ഉപയോഗ

പ്പെടുത്തിക്കൊണ്ട് ഖമീസ് ഭരണക്കസേരയിൽ ഉപവിഷ്ടനായി. ഭരണതന്ത്രങ്ങളെപ്പററി അജ്ഞനും എന്നാൽ സ്ഥാനമോഹിയുമായിരുന്ന ഖമീസ് അക്രമത്തിൽ കൂടി ഭരിച്ചു. ഖമീസിൻെറ തത്വദീക്ഷയില്ലാത്ത ഭരണത്തിൽ പൊറുതിമുട്ടിയ ശത്രുക്കൾ അവനെ വധിച്ചു. റിയാളിലെ ഇടക്കാലത്തുള്ള വിപ്ലവത്തിൽ നിന്ന് പാഠമുൾക്കൊണ്ട് കൊട്ടാരത്തിലെ ഭൃത്യനായ ദിഹാം തുടർന്ന് സ്വയം ഭരണം കൈയ്യേറി. തൻെറ കിങ്കരന്മാരെക്കൊണ്ട് രക്തരൂക്ഷിതമായ സംഭവങ്ങളിൽ കൂടി ദിഹാം നാടിനെ**ഭീഷണിപ്പെടുത്തി**യഥാർത്ഥ ഭരണാവകാശികളായ**അബൂസുർ**അയുടെ പുത്രന്മാരെ അവൻ ജയിലിലടച്ചു. ന്യായത്തിനും അന്യായത്തിനും ഞെട്ടിപ്പിക്കുന്ന ശിക്ഷകൾ നല്കിയിരുന്ന ആ രക്തരക്ഷസിൻെറ ഭീകര ഭരണത്തിന്നുകീഴിൽ റിയാള് ചൂളിപ്പോയി.

## വഹാബി പ്രസ്ഥാനം

തൊട്ടടുത്ത പ്രദേശങ്ങളായ ദർളയിലും ഇഹ്സായിലും മുഹമ്മദ്ബിൻ അബ്ദിൽവഹാബ്(റ)ഒരു ഇസ്ലാഹീ വിപ്ലവം നയിച്ചുകൊണ്ട് മുന്നേറുന്നുണ്ട് എന്ന വാർത്ത കേട്ട് ദിഹാംബിൻ ദവാസ് ഞെട്ടിവിറക്കാനും യുദ്ധത്തിനൊരുങ്ങാനുമൊക്കെയുള്ള കാരണം തൻെറ ഈ സ്വേഛാധിപത്യം അവസാനിപ്പിക്കപ്പെടുമോ എന്ന ഭയമായിരുന്നു. നിരന്തരമായ സംഘട്ടനങ്ങൾ മൂലം 1187ൽ ദിഹാം അനുയായികളില്ലാതെ ഖാജിയിലേക്ക് ഓടിപ്പോയി. ഇതോടെ ശത്രുവിൻെറ ശക്തി ക്ഷയിച്ചു. ഇബ്നു അബ്ദിൽ വഹാബിൻെറ ആദർശശുദ്ധിയുടേയും, സഊദ് ഭരണകൂടത്തിൻെറ മതപ്രചാരണത്തിൻെറയും മുമ്പിൽ നജ്ദിലെ അന്ധവിശ്വാസങ്ങൾ നാടുകടന്നു. അറേബ്യൻ അർദ്ധദ്വീപ് പ്രാവചകൻെറയും സഹാബത്തിൻെറയും കാലത്തുണ്ടായ ആ ചിന്താവിപ്ലത്തിന്ന് വീണ്ടും ദൃക്സാക്ഷിയായി. ആ വിപ്ലവമാണ് ഇന്നും സഊദി ഭരണകൂടത്തെ നയിച്ചു കൊണ്ടിരിക്കുന്ന വഹാബി മുവ്മെൻറ്.

ദിവ്യബോധനം വഴി പ്രവാചകൻ (സ) അരുളിച്ചെയ്ത നിയമനിർദേശങ്ങളും ഭരണസംവിധാനങ്ങളും മാത്രമാണ് സഊദി ഭരണകൂടം അന്നുമുതൽ അവലംബിച്ചുപോന്നത്. ഈ നിയമവ്യവസ്ഥയുടെ കീഴിൽ മതം രാഷ്ട്രത്തെ നയിച്ചു. മതനിയമങ്ങളിൽ കൂടി മാത്രം ഇബ്നു അബ്ദിൽവഹാബ് (റ) രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും കണ്ടു. ഇബനു അബ്ദിൽ വഹാബ് ഭരണാധികാരിയായ മുഹമ്മദ്ബിൻ സുഊദിൻെറ ഉപദേഷ്ടാവും മതത്തിലൂടെ രാജ്യത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തിയുമായിരുന്നു.

## ഭരണം ലക്ഷ്യമായിരുന്നില്ല

ദൈവവിശ്വാസത്തിൻെറ ആത്മാവ് ജനഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കുകയായിരുന്നു മുഹമ്മദ്ബിൻ സഊദിൻെറയും ശേഷം അബ്ദുൽഅസീസ്ബിൻ സഊദിൻെറയും ഭരണകാലത്തും ഇബ്നുഅബ്ദിൽവഹാബ്(റ)ചെയ്തത്. പാണ്ഡിത്യ പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചു പണ്ഡിതനായി വളർന്നപ്പോൾ തൻെറ ചുറ്റുപാടുള്ള വിശ്വാസാചാരങ്ങൾ മതമാർഗ്ഗത്തിലല്ല എന്ന് അദ്ദേഹം മനസ്സിലാക്കി. തുടർന്നു അതിന്നെതിരിൽ ശബ്ദിച്ചു. വാഗ്വാദങ്ങൾ നടത്തി, ജനങ്ങളെ ഉപദേശിച്ചു. ശക്തിയും വീര്യവും കൈവന്നപ്പോൾ ഒരു വേള കുലദൈവങ്ങളെ ശക്തിപ്രയോഗിച്ചുതന്നെ തൂത്തെറിഞ്ഞു. എന്നാൽ അവിടെയൊന്നും ഒരു രാഷ്ട്രത്തിന്നു വേണ്ടി അദ്ദേഹം ലക്ഷ്യം വെച്ചിരുന്നില്ല എന്ന് തൻെറ പ്രവർത്തനങ്ങളിൽ നിന്ന് സുഗ്രാഹ്യമാണ്. ഭരണസ്വാധീനം കൈവന്നശേഷം സമൂഹത്തിൻെറ വിശ്വാസാചാരങ്ങളെ സ്പർശിച്ചാൽ മതിയെന്നുകരുതി അദ്ദേഹം കാത്തിരുന്നിട്ടുമില്ല. ദർഇയായിലെ ഭരണാധിപനായിരുന്ന മുഹമ്മദ്ബിൻ സഊദുമായി കണ്ടുമുട്ടിയപ്പോൾ തൻെറ പ്രസ്ഥാനം ഒരു രാഷ്ട്രത്തെ നയിക്കുവാനുള്ള ആദ്യസംരംഭമാണ് ഇതെന്ന് അദ്ദേഹം നിനച്ചിട്ടുപോലുമില്ല.മറിച്ച് മുഹമ്മദ്ബ്നു സുഊദ് രണ്ടു നിബന്ധനകളോടുകൂടി തൻെറ പ്രസ്ഥാനത്തിന്ന് സർവ്വസഹായങ്ങളും വാഗ്ദാനം ചെയ്തപ്പോൾ ഖുർആനിന്നും സുന്നത്തിന്നും നിരക്കാത്ത ഒരു നിബന്ധനയും തനിക്ക് സ്വീകാര്യമല്ലെന്ന് ഉറക്കെപ്പറയുകയാണ് ചെയ്തത്.

ഹിജ്റവർഷം 1206ൽ ആ കർമ്മയോഗി പരലോകം പ്രാപിച്ചു. അന്ധകാരം കട്ടപിടിച്ച പുരോഹിതാധിപത്യത്തിൽ കഴിഞ്ഞിരുന്ന നജ്ദിൽ ഇബ്നുഅബ്ദുൽ വഹാബ് നയിച്ച വിപ്ലവത്തിൻെറ മധുരശബ്ദം കേട്ടുകൊണ്ട് ആ ആത്മാവ് രക്ഷിതാവിങ്കലേക്ക് മടങ്ങി. ലാഇലാഹഇല്ലല്ലാഹു എന്നു പറഞ്ഞതിൻെറ പേരിൽ ഒരു തുള്ളി ദാഹജലംപോലും ലഭിക്കാതെ ബസറായിലെ മരുഭൂമിയിൽ കിടന്നുഊർദ്ധശ്വാസം വലിച്ചിരുന്ന ആ മനുഷ്യൻ ആയിരക്കണക്കിന്ന് മുവഹ്ഹിദുകളായ ശിഷ്യന്മാരുടെ മുമ്പിൽ വെച്ച് തൗഹീദ് പ്രചരണത്തിന്നുവേണ്ടി മാത്രം സ്ഥാപിതമായ സഊദി ഭരണകൂടത്തിൻെറ നേതാവായികൊണ്ടാണ് മരിച്ചത്.

സർവ്വശക്തനായ അല്ലാഹു അവൻെറ ദീനിനെ സംരക്ഷിച്ചു! അല്ലാഹുവിന്നും അവൻെറ റസൂലിന്നും, സത്യവിശ്വാസികൾക്കുമാണ് പ്രതാപം!

●

# ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽവഹാബ്

കുഞ്ഞിമുഹമ്മദ് പറപ്പൂർ

പണ്ഡിതകുടുംബത്തിൽ ജനിച്ചു. പണ്ഡിതനായി വളർന്നു. പക്ഷെ, പണ്ഡിതന്റെ കൃത്യനിർവഹണത്തിന്നായി മതപ്രബോധന രംഗത്തിറങ്ങിയപ്പോൾ പുരോഹിതന്മാർ അദ്ദേഹത്തെ ഒറ്റപ്പെടുത്തി. സമൂഹം അദ്ദേഹത്തെ ബഹിഷ്കരിച്ചു. പ്രവാചകവര്യന്റെയും സഹാബികളുടെയും സലഫുകളുടെയും ജീവിതത്തിലേക്ക് മുസ്ലിംകൾ തിരിച്ചു വരണമെന്ന് പറഞ്ഞുവെന്നതായിരുന്നു പുരോഹിതന്മാർ അദ്ദേഹത്തിന്റെ മേൽ ആരോപിച്ച കുറ്റം. മതപ്രബോധനരംഗം പട്ടുമെത്തയല്ലെന്ന് മനസ്സിലാക്കിയ ആ ത്യാഗിവര്യൻ പതറാതെ മുന്നോട്ടു നീങ്ങി. ചരിത്രം ആവർത്തിച്ചു. സത്യം വിജയിച്ചു. ക്രിസ്താബ്ദം പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച ഏറ്റവും വലിയ നവോത്ഥാന പുരുഷനായിരുന്നു ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽവഹാബ്.

പ്രസാധനം:
കേരള നദ്വത്തുൽ മുജാഹിദീൻ
പ്രസിദ്ധീകരണ വിഭാഗം